പൂർത്തിയാക്കിയിട്ടുണ്ട്. പരിഭ്രമിക്കേണ്ട ഒരു കാര്യവുമില്ല. റേഷൻകടകളുടെയെല്ലാം സംവിധാനങ്ങൾ ചിട്ടപ്പെടുത്താൻ 60 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ആ പ്രോജക്ട് മിക്കവാറും അംഗീകരിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നാട്ടിൻപ്രദേശത്ത് രണ്ട് രൂപയ്ക്ക് വിതരണം ചെയ്യുന്ന അരി എല്ലാ സ്ഥലങ്ങളിലേയും റേഷൻ കടകളിൽ വിതരണം ചെയ്യുന്നില്ലെന്നുള്ള പരാതി ധാരാളമായി ഉയർന്നുവരുന്നുണ്ട്. അത് പ്രത്യേകം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, അങ്ങ് റേഷൻ കടകളുടെ നേതാവായിരുന്നല്ലോ ; അക്കാര്യത്തിൽ റേഷൻ കടകൾക്ക് നിർദ്ദേശം കൊടുക്കുന്നുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, അളവുതൂക്കങ്ങളിൽ വരുന്ന വെട്ടിപ്പ് തടയുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, അളവുതൂക്കങ്ങളിൽ വരുന്ന വെട്ടിപ്പ് തടയുന്നതുമായി ബന്ധപ്പെട്ട് ലീഗൽ മെട്രോളജിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

**റേഷൻ സാധനങ്ങൾ ഭക്ഷ്യയോഗ്യമാണെന്നുറപ്പുവരുത്താൻ നടപടി**

5 (*455) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്ക് എഫ്. സി. ഐ. അയയ്ക്കുന്ന റേഷൻ ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) റേഷൻ വിതരണത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്നുള്ള എന്തെങ്കിലും പരാതി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ ;

(ഡി) റേഷൻ കടകളിലൂടെ ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) പൊതുവിതരണ ശൃംഖല വഴി വിതരണത്തിനായി എഫ്.സി.ഐ.

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം പാലിക്കുന്നില്ല എന്ന അപൂർവ്വം ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഗുണമേൻമയുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് പൊതുവിതരണം വഴി വിതരണം ചെയ്യുന്നതിന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് സിവിൽ സപ്ലൈസും വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ വിട്ടെടുക്കുന്ന സാമ്പിളുകൾ പരിശോധിക്കാറുണ്ട്. കോടുവന്നതോ ഭക്ഷ്യയോഗ്യമല്ലാത്തതോ ആയ ഭക്ഷ്യധാന്യങ്ങൾ ഒരു കാരണവശാലും വിട്ടെടുക്കരുത് എന്ന് എല്ലാ താലൂക്ക്/ജില്ല സപ്ലൈ ഓഫീസർമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ മാസവും പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്ന ധാന്യങ്ങൾ എഫ്.സി.ഐ. മാനേജരുമായി സംയുക്തമായി പരിശോധിച്ച് സ്റ്റോക്ക് അടയാളപ്പെടുത്തി നൽകാൻ നിർദ്ദേശം ഉണ്ട്.

(സി) ഉണ്ട്. മാവേലിക്കര എഫ്.സി.ഐ. ഗോഡൗണിൽ ഭക്ഷ്യയോഗ്യമല്ലാത്ത ധാന്യങ്ങൾ വിതരണത്തിനായി കൊണ്ടുവന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി എടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്.

(ഡി) ഭക്ഷ്യയോഗ്യമായ ധാന്യങ്ങൾ മാത്രമേ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നുള്ളൂ എന്ന് വകുപ്പുദ്യോഗസ്ഥൻമാർ ഉറപ്പുവരുത്തുന്നുണ്ട്.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യധാന്യം എഫ്.സി.ഐ. ഗോഡൗൺ വഴി കേന്ദ്രം സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കുകയാണ്. ഇത് എടുക്കുന്നതിൽ റേഷൻ വ്യാപാരികൾ ശക്തമായി എതിർത്തപ്പോൾ ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ എടുക്കാത്ത ഭക്ഷ്യധാന്യങ്ങൾ അതായത് ഗോതമ്പും മറ്റും മറ്റുപ്രദേശത്തേക്ക് മറിച്ചുകൊടുക്കുന്നുണ്ട്. വീണ്ടും അവ വിവിധ രൂപത്തിൽ ജനങ്ങൾക്കിടയിലേക്ക് തന്നെയാണ് വരുന്നത്. ഇത്തരം ഭക്ഷ്യധാന്യങ്ങൾ കന്നുകാലിത്തീറ്റയ്ക്കോ മറ്റോ ഉപയോഗിക്കാൻ മാറ്റിവയ്ക്കത്തക്കതരത്തിലുള്ള ഒരു ഇടപെടൽ കേന്ദ്രത്തിലുണ്ടാക്കാൻ ഗവൺമെന്റിന് സാധിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, തീർച്ചയായും ഇക്കാര്യം സംബന്ധിച്ച് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കേണ്ട ചുമതല എഫ്.സി.ഐ.-യ്ക്കുള്ളതാണ്. കഴിഞ്ഞ ദിവസം വന്ന ഒരു റിപ്പോർട്ടിൽ കാണാൻ കഴിഞ്ഞത്, കർണ്ണാൽ എന്നുപറയുന്ന സ്ഥലത്ത് ചെളിയും മഴക്കെട്ടുമെല്ലാമുള്ള തുറസ്സായ സ്ഥലത്ത് ഭക്ഷ്യധാന്യങ്ങൾ മുഴുവൻ കൂട്ടിയിട്ടിരിക്കുകയാണ് എന്നാണ്. ഇതാണ് എഫ്.സി.ഐ. വഴി വരുന്നത്. ഇവിടെ ഈ ഭക്ഷ്യധാന്യങ്ങൾ വരുമ്പോൾ ഇത് റേഷൻ കടയിൽ ഭക്ഷ്യമന്ത്രി കൊടുക്കുന്നുവെന്നാണ് പരാതി. ഇത് ബിസ്സിനസ് ലൈനിൽ

LIBRARY ARCHIVES Kerala Legislative Assembly

മിനിഞ്ഞാന്ന് ഇറങ്ങിയ പത്രത്തിൽ വന്നതാണ്. ഈ സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നമുക്കാവശ്യമായ ഗോതമ്പ് കേന്ദ്രം തരാമെന്ന് പറഞ്ഞിട്ടുണ്ട്. ആ ഗോതമ്പ് ഗുണനിലവാര മുള്ളതാണെങ്കിൽ സ്വീകരിക്കാം. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വെളുത്ത ഗോതമ്പാണ് ആവശ്യം. ചുമന്ന ഗോതമ്പ് ആവശ്യമില്ല. ചുമന്ന ഗോതമ്പാണ് കേന്ദ്രം തരുന്നത്. വെള്ള ഗോതമ്പ് ഇപ്പോൾ തരുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി..... നോട്ട് ഇൻ ദി സീറ്റ്

ശ്രീ. കെ. പി. മോഹനൻ : സർ, ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. തലശ്ശേരി എഫ്.സി.ഐ. മുഴുപ്പിലങ്ങാട് ഡിപ്പോയിലെ തൊഴിൽപ്രശ്നം കാരണം അവിടെ ഉച്ചക്കഞ്ഞിക്ക് അരിയെടുക്കാൻ സാധിക്കുന്നില്ല. ഇതിലിട പെട്ടുകൊണ്ട് പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, അവിടത്തെ തൊഴിൽപ്രശ്നത്തിൽ അടിയന്തിരമായി ഇടപെടാൻ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. അടുത്ത ദിവസം മുതൽ ആ കുഴപ്പം ഉണ്ടാകുകയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**സ്വാശ്രയ സംഘങ്ങളുടെ സഹകരണത്തോടെ മാവേലി ഹോട്ടലുകൾ**

6 (*456) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ.എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യായവിലയ്ക്ക് ഭക്ഷണ സാധനങ്ങൾ നല്കാൻ സംസ്ഥാനത്തുട നീളം മാവേലി ഹോട്ടലുകൾ തുടങ്ങാനുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തൊക്കെയായിരുന്നു ;

(ബി) ഈ പദ്ധതി വിജയകരമായി പ്രാവർത്തികമാക്കാൻ എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകളാണ് ഉണ്ടായത് എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ന്യായവിലയ്ക്ക് ഊണും മറ്റ് ഭക്ഷ്യ വസ്തുക്കളും നൽകുന്നതിന് സ്വാശ്രയ സംഘങ്ങളുടെ സഹകരണ ത്തോടെ പുതിയ സംരംഭത്തിന് രൂപം നല്കുമോ ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതൊക്കെ സ്വാശ്രയ സംഘങ്ങളാണ് ഇത്തരത്തിൽ സർക്കാർ സബ്സിഡിയോടെ ജനകീയ ഭക്ഷണ കേന്ദ്രങ്ങൾ തുടങ്ങാൻ സന്നദ്ധമായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly